**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3308** **26-06-2024 - ൽ മറുപടിയ്ക്ക്**

**പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുസ്തകക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ എൻ.സി.ഇ.ആർ.ടി. പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് വൻവിലയ്ക്ക് സ്കൂളുകൾക്ക് പുറത്ത് വിറ്റതിലൂടെ ചില പ്രസാധകരും ഏജൻസികളും വലിയ ലാഭം ഉണ്ടാക്കുകയും രക്ഷകർത്താക്കളെ കബളിപ്പിക്കുകയും ചെയ്തതായി പറയപ്പെടുന്ന റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ ഹയർ സെക്കണ്ടറി കോഴ്സുകളിൽ സയൻസ്, ഹ്യുമാനിറ്റീസ്, കോമേഴ്സ് എന്നീ വിഭാഗങ്ങളിലായി ഒന്നാം വർഷം 20 ടൈറ്റിൽ പാഠപുസ്തകങ്ങളും രണ്ടാം വർഷം 24 ടൈറ്റിൽ പാഠപൂസ്തകങ്ങളും ഉൾപ്പെടെ ആകെ 44ടൈറ്റിലുകളിലായി എൻ.സി.ഇ.ആർ.ടി. തയ്യാറാക്കുന്ന പാഠപുസ്തകങ്ങളാണ് ഉപയോഗി ക്കുന്നത്. ഈ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയ്ക്ക് ലഭ്യമാകുന്നതിന് വേണ്ടി എൻ.സി.ഇ.ആർ.ടി - യുമായി റോയൽറ്റി വ്യവസ്ഥയിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ എസ്. സി.ഇ.ആർ.ടി - യുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രിന്റ് ചെയ്യുന്നത്. പ്രിന്റിംഗ് ജോലികൾ സി- ആപ്റ്റ് എന്ന പൊതുമേഖലാ സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്. സി - ആപ്റ്റ് പ്രിന്റ് ചെയ്ത സ്ക്കുളുകളിൽ നിന്നും ലഭിക്കുന്ന ഇന്റന്റിന്റെ അടിസ്ഥാനത്തിൽ പുസ്തകങ്ങൾ സ്ക്കൂളുകളിൽ എത്തിക്കുകയാണ് നിലവിൽ ചെയ്യുന്നത്. ഈ അധ്യയന വർഷവും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഉപയോഗിക്കുന്ന എൻ.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുള്ള 44 ടൈറ്റിൽ പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ സി - ആപ്റ്റ് മുഖേന പ്രിന്റ് ചെയ്ത സ്ക്കുളുകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഈ പുസ്തകങ്ങൾ സ്വകാര്യ പ്രസാധകർക്ക് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിന് നിയമപരമായി നിലവിൽ സാധിക്കില്ല. അത്തരം പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം ദുഷ്പ്രവണതകൾ ഒഴിവാക്കുന്നതിനും പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ ഹയർ സെക്കണ്ടറി കോഴ്സുകളിൽ സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നീ വിഭാഗങ്ങളിലായി ഒന്നാം വർഷം 20 ടൈറ്റിൽ പാഠപുസ്തകങ്ങളും രണ്ടാം വർഷം 24 ടൈറ്റിൽ പാഠപ്പുസ്തകങ്ങളും ഉൾപ്പെടെ ആകെ 44ടൈറ്റിലുകളിലായി എൻ.സി.ഇ.ആർ.ടി. തയ്യാറാക്കുന്ന പാഠപുസ്തകങ്ങളാണ് ഉപയോഗിക്കുന്നത്. ഈ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയ്ക്ക് ലഭ്യമാകുന്നതിന് വേണ്ടി എൻ.സി.ഇ.ആർ.ടി - യുമായി റോയൽറ്റി വ്യവസ്ഥയിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ എസ്. സി.ഇ.ആർ.ടി - യുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രിന്റ് ചെയ്യുന്നത്. പ്രിന്റിംഗ് ജോലികൾ സി- ആപ്റ്റ് എന്ന പൊതുമേഖലാ സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്. സി - ആപ്റ്റ് പ്രിന്റ് ചെയ്ത് സ്കൂളുകളിൽ നിന്നും ലഭിക്കുന്ന ഇന്റന്റിന്റെ അടിസ്ഥാനത്തിൽ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുകയാണ് നിലവിൽ ചെയ്യുന്നത്. ഈ അധ്യയന വർഷവും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഉപയോഗിക്കുന്ന എൻ.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുള്ള 44 ടൈറ്റിൽ പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ സി - ആപ്റ്റ് മുഖേന പ്രിന്റ് ചെയ്ത് സ്കൂളുകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഈ പുസ്തകങ്ങൾ സ്വകാര്യ പ്രസാധകർക്ക് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിന് നിയമപരമായി നിലവിൽ സാധിക്കില്ല. അത്തരം പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ